(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സ്ത്രീകളും സ്കൂൾ കോളേജ് വിദ്യാർത്ഥിനികളും, വിദ്യാഭ്യാസം കുറവുള്ള സാധാരണക്കാരായവരുമാണ് കൂടുതലായി സൈബർ ക്രൈമിന് ഇരയാകുന്നത്.

സൈബർ കുറ്റകൃത്യങ്ങൾ

36 (1505) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2010-ൽ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പോലീസ് സ്റ്റേഷൻ ആക്രമണകേസ്സുകൾ

37 (1506) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സ്റ്റേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും അവയിൽ ആരൊക്കെ പ്രതികളാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പോലീസ് സ്റ്റേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് 33 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് സ്റ്റേഷനുകളിൽ സ്ത്രീസൗഹൃദ കേന്ദ്രങ്ങൾ

38 (1507) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീസൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരാതിക്കാരായ വനിതകൾക്ക് നിയമസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയിൽ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 150 കേന്ദ്രങ്ങളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനിതകളിൽനിന്ന് ലഭിക്കുന്ന പരാതികളിൽ കൗൺസിലിംഗ് വേണ്ടവയ്ക്ക് കൗൺസിലർമാരുടെ സേവനം വിട്ടുതരുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) നിലവിലുള്ള മാനദണ്ഡ പ്രകാരം പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യയിൽ (1-എസ്.ഐ., 1-എ.എസ്.ഐ., 5-എച്ച്.സി., 25-പി.സി.) കുറഞ്ഞത് 4 വനിതാ പോലീസ് കോൺസ്റ്റബിൾമാരെകൂടി നിയോഗിക്കുന്നുണ്ട്. പോലീസ് സേനയിലെ ആകെ അംഗസംഖ്യയിൽ 10% വനിതകൾ ഉണ്ടാകണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 1575 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് അക്രമണങ്ങളും തട്ടിപ്പുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാണെന്ന റിപ്പോർട്ടുകൾ

39 (1508) ശ്രീ. സി. ടി അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്രമങ്ങളും തട്ടിപ്പുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാണെന്ന റിപ്പോർട്ടുകൾ ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly